# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

21.06.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 3805

## സ്റ്റാർട്ട്-അപ്പുകൾക്കായുള്ള സംവിധാനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സ്റ്റാർട്ട്-അപ്പുകൾക്കായുള്ള സംവിധാനങ്ങൾ വിപുലപ്പെടുത്തുമോ; | (എ) | സാങ്കേതിക സ്റ്റാർട്ടപ്പ് സംബന്ധിച്ച വിഷയങ്ങൾ കേരള സ്റ്റാർട്ടപ്പ് മിഷൻ കൈകാര്യം ചെയ്തുവരുന്നു. പ്രസ്തുത സ്റ്റാർട്ടപ്പുകൾക്കായുള്ള സംവിധാനങ്ങൾ തുടർച്ചയായി വിപുലീകരിച്ചുവരികയാണ്.<br>കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ സ്റ്റാർട്ടപ്പുകൾക്കായുള്ള സംവിധാനങ്ങൾ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | സ്റ്റാർട്ട് - അപ്പുകൾക്കായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ചെയ്തിട്ടുള്ളത്; വിശദവിവരം നൽകുമോ; | (ബി) | മികച്ച കേരള സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനുവേണ്ടി വിവിധ ഘടകങ്ങളടങ്ങിയ യുവസംരംഭകത്വ വികസനപദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പുസാമ്പത്തിക വർഷം ഈ പദ്ധതികൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നതിനായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവസംരംഭകത്വ വികസന പദ്ധതിക്കായി 70 കോടി രൂപയും ടെക്നോളജി ഇന്നവേഷൻ സോണിന്റെ ഭാഗമായി ഇൻക്യുബേഷൻ ഇൻഫ്രാസ്ട്രക്ച്ചർ വികസന നിധിക്കായി 10 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.<br>സംസ്ഥാന സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ |

| | | | |
|---|---|---|---|
| | | | വളർച്ചയ്ക്കായി കെ എസ് ഐ ഡി സി മുഖേന എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ മൂന്നോളം ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ നൂതനമായ ആശയങ്ങളുമായി വരുന്ന യുവസംരംഭങ്ങൾക്ക് പ്രാഥമിക മൂലധന സഹായമായി പദ്ധതി നടത്തിപ്പിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപ വരേയോ നൽകിവരുന്നു. വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിനുവേണ്ടി കെ എസ് ഐ ഡി സി യുടെ സഹകരണത്തോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 11 ഓളം കലാലയങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. എൻ ഐ ടി കാലിക്കറ്റ് & റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ യിലും കെ എസ് ഐ ഡി സി യുടെ സഹകരണത്തോടെ ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. കെ എസ് ഐ ഡി സി യുടെ സഹായം സ്വീകരിച്ചിരിക്കുന്ന സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും മറ്റു ചർച്ചാ യോഗങ്ങളും നടത്തിവരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്റ്റാർട്ട്-അപ്പുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; ഇതിൽ എത്രയെണ്ണം സ്വയം പര്യാപ്തമായി പ്രവർത്തിക്കുന്നുണ്ട്; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സ്റ്റാർട്ടപ്പ് മിഷന്റെ സൈറ്റിൽ 279 സ്റ്റാർട്ടപ്പുകൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കെ എസ് ഐ ഡി സി വഴി 54 ഓളം യുവസംരംഭങ്ങൾക്ക് പ്രാഥമിക മൂലധനസഹായവും 35 ഓളം സംരംഭങ്ങൾക്ക് ഇൻക്യുബേഷൻ സൗകര്യവും നൽകിയിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങളിൽ 15 ഓളം സംരംഭങ്ങൾ സ്വയം പര്യാപ്തമായി പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇവയെ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം സർക്കാർ ഏർപ്പെടുത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (ഡി) | കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ ഇൻക്യുബേഷൻ ലഭിക്കുന്നതും മറ്റുതരത്തിൽ സഹായത്തിനായി കേരള സ്റ്റാർട്ടപ്പ് മിഷനെ സമീപിക്കുന്നതുമായ എല്ലാ സ്റ്റാർട്ടപ്പുകളേയും കേരള സ്റ്റാർട്ടപ്പ് മിഷൻ മോണിറ്റർ ചെയ്തുവരുന്നു.<br>കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങളെ മോണിറ്റർ ചെയ്യുകയും അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിനുശേഷം വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും ചെയ്തുവരുന്നു. |

Bindu.T

**സെക്ഷൻ ഓഫീസർ**